(സി) 2012-13-ൽ മുച്ചിക്കുണ്ട് കോളനിയിൽ നടപ്പിലാക്കുന്ന പദ്ധതികൾ

ഏജൻസി - ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്.

- കുളം നവീകരണം/കുളം വൃത്തിയാക്കൽ, ചുറ്റുമതിൽ/കുടിവെള്ള വിതരണം.
- പമ്പ് ഹൗസ് 95% പണികൾ പൂർത്തിയായി കുടിവെള്ള വിതരണം, വാട്ടർ ടാങ്ക് നവീകരണം എന്നിവ 80% പൂർത്തിയായി.
- കോൺക്രീറ്റ് റോഡ് (3 മീറ്റർ), കോൺക്രീറ്റ് റോഡ് (100 മീറ്റർ) പണി ആരംഭിച്ചിട്ടില്ല.

2013-14-ൽ കല്ലറക്കുന്ന് കോളനിയിൽ നടപ്പിലാക്കുന്ന പദ്ധതികൾ

ഏജൻസി - സിഡ്കോ കോഴിക്കോട്

കോട്ടാടി-കല്ലറക്കുന്ന്-പൂളപ്പാടം റോഡ്&കല്ലറക്കുന്ന് പള്ളിക്കര-ചുരക്കാവിൽ റോഡ്, കല്ലറക്കുന്ന്-കോടംപാട്ടിൽ, കല്ലറക്കുന്ന്-ചെറിയങ്ങര, കല്ലറക്കുന്ന്-ദേവസ്വംപറമ്പിൽ റോഡ്, കല്ലറക്കുന്ന്-പാണത്തൊടി പുരായി റോഡ് എന്നീ റോഡുകളുടെ വികസനം, ശ്മശാനം ചുറ്റുമതിൽ നിർമ്മാണം, നടപ്പാത വികസനം, പുതിയ കഴൽക്കിണർ, കിണർ, നടപ്പാത, ടാങ്ക്, പൈപ്പ് ലൈൻ, പമ്പ് ഹൗസ്, പമ്പ് സെറ്റ്, പഞ്ചായത്ത് കിണർ നവീകരണം എന്നിവയാണ് ഏറ്റെടുത്ത പ്രവൃത്തികൾ.

പട്ടികജാതി/പിന്നോക്ക സമുദായ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഗ്രാന്റുകൾ

296(2765) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിലും, മറ്റുപിന്നോക്ക സമുദായ വിഭാഗങ്ങളിലും ഉൾപെട്ട വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട വിദ്യാഭ്യാസ ഗ്രാന്റുകൾ, ഹയർ എജ്യൂക്കേഷൻ സ്കോളർഷിപ്പുകൾ തുടങ്ങിയവ വിതരണം ചെയ്യുന്നതിൽ ഏറെ കാലതാസമം നേരിടുന്നുണ്ടോ ;

(ബി) പ്രസ്തുത വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ഗ്രാന്റുകൾ അതാത് അദ്ധ്യയനവർഷങ്ങളിൽ തന്നെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

GPM. 2/242/2020-51

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യം കൃത്യമായി വിതരണം ചെയ്യുന്നുണ്ട്. Bank Account Number, IFSC എന്നിവ തെറ്റായി രേഖപ്പെടുത്തുന്നതുമൂലം യുക ക്രെഡിറ്റാവാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സമയബന്ധിതമായി പരിഹരിച്ച് യുക ക്രെഡിറ്റ് ചെയ്യുവരുന്നുണ്ട്. പിന്നോക്ക സമുദായ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് ഫണ്ടിന്റെ അപര്യാപ്തതമൂലം കാലതാമസം നേരിടുന്നുണ്ട്. ഈ വിദ്യാർത്ഥികൾക്ക് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കുടിശ്ശിക തീർക്കുന്നതാണ്.

(ബി) വിദ്യാഭ്യാസ ഗ്രാന്റുകൾ അതാത് അദ്ധ്യയന വർഷങ്ങളിൽത്തന്നെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കുംഭാര സമുദായത്തിന് പട്ടികജാതി ആനുകൂല്യം

297(2766) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കുംഭാര സമുദായത്തിന് പട്ടികജാതി ആനുകൂല്യം നഷ്ടമായത് എന്നുമുതലാണ് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സമുദായക്കാരുടെ പട്ടികജാതി ആനുകൂല്യം പുനഃസ്ഥാപിച്ചു കിട്ടുന്നത് സംബന്ധിച്ച് ആരെങ്കിലും അപേക്ഷ നൽകിയിട്ടുണ്ടോ എന്നും എങ്കിൽ ആയതിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) കുംഭാര സമുദായക്കാരെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് എന്തെങ്കിലും നിയമതടസമുണ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) പട്ടികജാതി ആനുകൂല്യം പുനഃസ്ഥാപിച്ചു നൽകുവാൻ ബന്ധപ്പെട്ട സമുദായ നേതാക്കളെയും ജനപ്രതിനിധികളെയും ഉൾപ്പെടുത്തി ഒരു യോഗം വിളിച്ചു ചേർക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തിന്റെ പട്ടികജാതി പട്ടികയിൽ "കുംഭാര" സമുദായത്തെ ഉൾപ്പെടുത്തിയിട്ടില്ല. നിലവിൽ മറ്റ് പിന്നോക്ക സമുദായ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള പ്രസ്തുത സമുദായത്തെ സംസ്ഥാന പട്ടികജാതി പട്ടികയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് നിരവധി ഹർജികളും/നിവേദനങ്ങളും ലഭിച്ചിട്ടുണ്ട്. ആയതിന്മേൽ കിർത്താഡ്സിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ആവശ്യം നിരസിക്കുകയുണ്ടായി.